**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5670** **24-03-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **ഇല്ല. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസിയാണ് സപ്ലൈകോ. എല്ലാ വർഷവും ഓരോ സംഭരണ സീസണിലും നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിനുമുൻപായി നെല്ല് സംഭരണത്തിന് വേണ്ടിയുള്ള വെബ്സൈറ്റ്(www.supplycopaddy.in) വഴി സപ്ലൈകോയിൽ സമയബന്ധിതമായി രജിസ്റ്റർ ചെയ്ത് ആയത് സപ്ലൈകോ അംഗീകരിച്ച് ടി കർഷകരുടെ പാടശേഖരങ്ങളിലെ കൊയ്ത്ത് ആരംഭിക്കുന്നമുറയ്ക്ക് തന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട മില്ലുകൾ മുഖാന്തിരം സപ്ലൈകോ നെല്ല് സമയബന്ധിതമായി സംഭരിക്കുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന 57 അരി മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് 2024-25 സീസണിലും നെല്ല് സംഭരണം സുഗമമായും കാര്യക്ഷമമായും സമയബന്ധിതമായും സപ്ലൈകോ നടത്തിവരുന്നു. നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് വേണ്ടതായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും നെല്ല് സംഭരണ സീസൺ ആരംഭിക്കുന്ന സമയത്ത് സർക്കാരിന്റെ നെല്ല് സംഭരണ ഏജൻസി എന്ന നിലയിൽ സമയബന്ധിതമായി സപ്ലൈകോ സജ്ജമാക്കാറുണ്ട്.**<br><br>കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിർദേശങ്ങൾ എല്ലാം പാലിച്ചുകൊണ്ട് 2024-25 സീസണിലും കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് വേണ്ടതായ എല്ലാ സൗകര്യങ്ങളും സപ്ലൈകോ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. 2024-25 സീസണിൽ ഇതുവരെ (17-03-25 വരെ) 84,684 കർഷകരിൽ |

| | | | |
|---|---|---|---|
| | | | നിന്നും 2,12,475.266 MT നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | 2024-25 സീസണിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനായി 57 അരി മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് . |
| (സി) | നെല്ല് സംഭരണത്തിന് മണ്ഡലം അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | നെല്ല് സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ 7 പാഡി മാർക്കറ്റിങ് ഓഫീസുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾക്കായി പാഡി മാർക്കറ്റിംഗ് ഓഫീസ് തിരുവനന്തപുരം, ആലപ്പുഴ ജില്ലയ്ക്കായി മങ്കൊമ്പ് പാഡി മാർക്കറ്റിംഗ് ഓഫീസ്, കോട്ടയം ജില്ലയ്ക്കായി പാഡി മാർക്കറ്റിംഗ് ഓഫീസ് കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകൾക്കായി, പാഡി മാർക്കറ്റിംഗ് ഓഫീസ്, പെരുമ്പാവൂർ തൃശ്ശൂർ ജില്ലയ്ക്കായി പാഡി മാർക്കറ്റിംഗ് ഓഫീസ് തൃശ്ശൂർ, പാലക്കാട് ജില്ലയ്ക്കു പാഡി മാർക്കറ്റിംഗ് ഓഫീസ്, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകൾക്കായി പാഡി മാർക്കറ്റിംഗ് ഓഫീസ് കോഴിക്കോട് എന്നിങ്ങനെയാണ് പാഡി മാർക്കറ്റിംഗ് ഓഫീസുകൾ നിലവിലുള്ളത്.<br><br>കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പാഡി മാർക്കറ്റിംഗ് ഓഫീസർമാർ ആണ്. ടി ഉദ്യോഗസ്ഥർ നെല്ല് സംഭരണം സംബന്ധിച്ച് കർഷകർക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിനും, നെല്ല് സംഭരണ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ഡലം അടിസ്ഥാനത്തിലുള്ള പ്രവർത്തനം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പട്ടാമ്പി മണ്ഡലത്തിൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകാമോ? | (ഡി) | 2024-25 രണ്ടാം വിള കാലത്ത് പട്ടാമ്പി മണ്ഡലത്തിന്റെ കീഴിൽ വരുന്ന ഏഴോളം കൃഷിഭവനുകളുടെ പരിധിയിൽ പെട്ട ചില പാടങ്ങളിലെ കർഷകർ കൃഷി ചെയ്ത് ഉല്പാദിപ്പിച്ച വെള്ള ഇനത്തിൽപെട്ട നെല്ല് ഗുണനിലവാരം കുറവ് ആണെന്ന് അവകാശപ്പെട്ടു സംഭരിക്കുന്നതിന് ചില മില്ലുകൾ വിമുഖത കാണിച്ചിരുന്നു. എന്നാൽ ആയത് ടി പ്രദേശത്തെ ചാർജ്ജ് ഉള്ള പാഡി മാർക്കറ്റിംഗ് ഓഫീസർ സമയോചിതമായി ഇടപെട്ട് നെല്ല് എടുക്കാൻ തയ്യാറുള്ള വേറെ മില്ലുകളെ കൊണ്ട് ടി പാടങ്ങളിലെ കർഷകരുടെ നെല്ല് സംഭരിക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് പ്രശ്നം പൂർണമായും പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ